# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3574 15/7/2015-ൽ മറുപടിക്ക്

## നിലയ്ക്കൽ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതുഘട്ടം വരെയായി; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ; | (എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിക്ക് ഒന്നാം ഘട്ടമായി 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ പദ്ധതിയുടെ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ജലശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി യുടെ പ്രോജക്റ്റിന് സുരക്ഷിതത്വ പ്രശ്നം ഉള്ളതുകൊണ്ട് ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ഇൻടേക്ക് കിണറിന് സമീപമുള്ള കെ.എസ്.ഇ.ബി സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതിയതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ഇൻടേക് കിണർ നിർമ്മിക്കുന്ന സ്ഥലത്തിന്റെ മണ്ണ്പരിശോധനാ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

JSK/

| | | | |
|---|---|---|---|
| (ബി) | അട്ടത്തോട് കോളനി നിവാസികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ; എവിടെ നിന്നാണ് പദ്ധതിക്കായി വെള്ളം എടുക്കുന്നത്; ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് എവിടെയാണ്; | (ബി) | അട്ടത്തോട് കോളനി പ്രദേശം സീതത്തോട്-നിലയ്ക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കക്കാട് നദിയിൽ കക്കാട് പവർഹൗസിന് സമീപം ഇൻടേക്ക് കിണർ പണിതാണ് പദ്ധതിക്കായി വെള്ളം എടുക്കുന്നത്. കക്കാട് പവർ ഹൗസിന് സമീപമാണ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് |
| (സി) | അയ്യപ്പഭക്തർക്കും ആദിവാസി കോളനിക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന പദ്ധതിയുടെ നിർമ്മാണത്തിന് തടസ്സം എന്തൊക്കെയാണ്; തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവുമെന്ന് അറിയിക്കുമോ ? | (സി) | ജലശുദ്ധീകരണശാല പണിയുന്നതിന് കെ.എസ്.ഇ.ബി യുടെ സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടതുണ്ട്. സ്ഥലം കൈമാറികിട്ടുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പദ്ധതി 03/2017-ൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/